പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3024 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ കായികമേള സംഘാടനവും സുരക്ഷാ നടപടികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഏഷ്യയിലെ ഏറ്റവും വലിയ കായിക മേളയായി ഒളിമ്പിക്സ് മാതൃകയിൽ സ്കൂൾ കായിക മേള (സ്കൂൾ ഒളിമ്പിക്സ്) നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷത്തെ സ്കൂൾ കായികമേളയുടെ ഭാഗമായി നടന്ന നീന്തൽ മത്സരവേദിയിലെ പന്തൽ തകർന്നുവീണ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

മറുപടി: അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്കൂൾ കായിക മേളകൾ വീഴ്ച കൂടാതെ സംഘടിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മറുപടി: പന്തലുകളുടെ നിർമ്മാണത്തിൽ പൊതുമരാമത്ത് വകുപ്പിന്റെയും, ശബ്ദ-വെളിച്ച സംവിധാനത്തിന്റെ കാര്യത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും സാക്ഷ്യപത്രങ്ങളോട് കൂടി മാത്രമേ മേളകൾ നടത്താവൂ എന്ന കർശന നിർദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ